ഹദീസ്

ജുമൈൽ കൊടിഞ്ഞി

# പരസ്പരം ബഹുമാനിക്കുക

عن ابن عمر رضي الله عنهما عن النبي صلي الله عليه وسلم قال: لَا يُقِيمُ الرَّجُلُ الرَّجُلَ مِنْ مَجْلِسِهِ ثُمَّ يَجْلِسُ فِيهِ

**ഇബ്നു ഉമറി(റ)ൽ നിന്ന് നിവേദനം, പ്രവാചകൻ(സ) പറഞ്ഞു: "സദസ്സിലിരിക്കുന്ന ഒരാളെ എഴുന്നേൽപിച്ച് മറ്റൊരാൾ ഇരിക്കരുത്" (ബുഖാരി)**

ആളുകൾ പരസ്പരം ബഹുമാനവും ആദരവും ഉള്ളവരാകുന്നത് ഏതൊരു സംഘത്തിന്റെയും ഭദ്രതക്കും കെട്ടുറപ്പിനും അനിവാര്യമാണ്. ഈ മൂല്യം നഷ്ടപ്പെടുന്ന സമൂഹം അതിവേഗം നാശത്തിലേക്കെത്തും. ഓരോ ആളുകൾക്കും അവർ അർഹിക്കുന്ന പരിഗണനകളും അതിലധികവും നൽകുകയെന്നത് പരസ്പര ബന്ധങ്ങളുടെ നിലനിൽപിന്റെ അടിസ്ഥാനമാണ്. 'ഓരോരുത്തർക്കും അവരവർ അർഹിക്കുന്ന സ്ഥാനം നൽകണമെന്ന് നബി ഞങ്ങളോട് കൽപിച്ചിരുന്നു എന്ന് ആഇശ(റ) പറഞ്ഞിട്ടുണ്ട്' (മുസ്‌ലിം മുഅല്ലഖായി നിവേദനം ചെയ്തത്).

സമൂഹത്തിൽ വ്യത്യസ്ത പരിഗണനകളിൽ ബഹുമാനവും ആദരവും അർഹിക്കുന്നവരുണ്ടായിരിക്കും. വയസ്സ്, പാണ്ഡിത്യം, ഖുർആൻ മനപ്പാഠം, ഉന്നതമായ സ്വഭാവം, മറ്റു യോഗ്യതകൾ ഇവയെല്ലാം ബഹുമാനത്തിലും ആദരവിലും പരിഗണിക്കപ്പെടണം. നബി(സ) തന്റെ ജീവിതത്തിൽ ഇത്തരം കാര്യങ്ങൾ പ്രത്യേകം പരിഗണിച്ചിരുന്നു, പരിഗണിക്കാൻ സ്വഹാബികളോടും വിശ്വാസികളോടും കൽപിക്കുകയും ചെയ്തിരിക്കുന്നു.

മറ്റൊരു നബിവചനം ഇങ്ങനെ: 'നമ്മളിലെ ചെറിയവരോട് കരുണ കാണിക്കുകയും വലിയവരോട് ബഹുമാനം പുലർത്തുകയും ചെയ്യാത്തവർ നമ്മിൽപെട്ടവരല്ല'. (തിർമിദി) ഇതിന് സമാനമായ മറ്റു പാഠഭേദങ്ങളും റിപ്പോർട്ടുകളിലുണ്ട്. ഇവിടെ രണ്ട് വിഭാഗത്തെ പ്രത്യേകം പരിഗണിക്കണമെന്നാണ് തിരുനബി ഉണർത്തുന്നത്. ഒരു വിശ്വാസി ആ കൽപന തന്റെ ജീവിതത്തോട് ചേർക്കുമ്പോൾ സഹപ്രവർത്തകരോടുള്ള പരിഗണനയുടെ രണ്ട് നിലപാടുകളാണിതിലുള്ളത്. ഒന്ന്, തന്നേക്കാൾ ചെറിയവരോട് (വയസ്സിലോ അറിവിലോ ബുദ്ധിയിലോ ഗ്രാഹ്യശക്തിയിലോ മറ്റു കഴിവുകളിലോ എന്തിലുമാകട്ടെ) കരുണ കാണിക്കണമെന്ന പാഠമാണ്. രണ്ട്, തന്നേക്കാൾ മുതിർന്നവരോട് (മുകളിൽ പറഞ്ഞ എല്ലാ പരിഗണനയിലും) ബഹുമാനവും ആദരവും കാണിക്കണമെന്നതുമാണ്. വിശ്വാസികളുടെ കൂട്ടത്തിൽ ചെറിയവനും വലിയവനുമെല്ലാം പാലിക്കേണ്ട മര്യാദയാണിത്. കാരണം ഒരാളുടെ ജീവിതത്തിൽ ഈ രണ്ടാലൊരു നിലപാടിലായിരിക്കും എല്ലാ സഹപ്രവർത്തകരും നിലകൊള്ളുന്നത്.

തിരുനബി ഇത്തരം കാര്യങ്ങൾ എത്രത്തോളം പരിഗണിച്ചിരുന്നുവെന്ന കാര്യം വ്യക്തമാക്കുന്ന ഒരു കഥ ബുഖാരിയിലുണ്ട്. സഹ്‌ലുബ്നു സഅ്ദുസ്സാഇദി(റ) പറഞ്ഞു: പ്രവാചകന്റെ വലതുവശത്ത് ഒരു കുട്ടിയും ഇടതുവശത്ത് പ്രായമുള്ളവരും ഇരിക്കുന്ന സമയത്ത് അദ്ദേഹത്തിന് ആരോ ഒരു പാനീയം കൊണ്ടുവന്നുകൊടുത്തു. അപ്പോൾ ആദ്യം പ്രായമായവർക്ക് കൊടുക്കട്ടേയെന്ന് കുട്ടിയോട് നബി അനുവാദം ചോദിച്ചു. എന്നാൽ തന്റെ സ്നേഹനിധിയായ മുത്ത്നബിയിൽനിന്ന് തനിക്ക് ലഭിക്കേണ്ട ഒരവകാശവും ഞാൻ വിട്ടുകൊടുക്കില്ലെന്ന് കുട്ടി ഉത്തരം പറഞ്ഞു. അല്ലാഹുവിന്റെ റസൂൽ അത് പരിഗണിക്കുകയും ചെയ്തു.

ഈ കഥയിൽ നബി സാധാരണ വലതുവശത്തിരിക്കുന്നവർക്ക് മുൻഗണന നൽകാറുണ്ട്. എന്നാൽ അതൊരു കുട്ടിയായതുകൊണ്ടു മാത്രം ആ പരിഗണന ഇല്ലാതാകുന്നില്ലെന്നാണ് തെളിയിക്കുന്നത്. സാമൂഹിക ജീവിതത്തിൽ വിവിധ മേഖലകളിൽ ഇത്തരം പരിഗണനകളുണ്ടാകും. അതൊന്നും മറ്റെന്തെങ്കിലും മാനങ്ങളുടെ അടിസ്ഥാനത്തിൽ മറികടക്കാവതല്ലെന്നാണ് ദൈവദൂതൻ ഇവിടെ പഠിപ്പിക്കുന്നത്.

ഇനി ആരെങ്കിലും ഇപ്രകാരം പരസ്പരം ആദരിക്കുകയും മാനിക്കുകയുമാണെങ്കിൽ അവർക്ക് ഇഹലോകത്തു തന്നെ ഇത്തരം പരിഗണനകൾ തിരിച്ചനുഭവിക്കാനാകുമെന്നും അദ്ദേഹം പഠിപ്പിച്ചു. 'ഒരു യുവാവ് തന്നേക്കാൾ മുതിർന്നൊരാളെ ആദരിച്ചാൽ അല്ലാഹു അവൻ മുതിരുമ്പോൾ അവനെ ആദരിക്കുന്നവരെ നിശ്ചയിച്ചുകൊടുക്കും' (തിർമിദി).

ആദരവും ബഹുമാനവും പുലർത്തുന്നവർ പരസ്പരമുള്ള പെരുമാറ്റങ്ങളിൽ അത് പാലിക്കും. അതൊരു പൊതു ഇടത്തിലോ സദസ്സിലോ ആണെങ്കിലും അപ്രകാരമാകണം. അതാണ് മുകളിൽ കൊടുത്ത ഹദീസിന്റെ സാരം. സദസ്സിലിരിക്കുന്ന ഒരാളെ എഴുന്നേൽപ്പിച്ച് അവിടെ മറ്റൊരാൾ ഇരിക്കരുതെന്നാണ് ഈ ഹദീസിൽ റസൂൽ പഠിപ്പിക്കുന്നത്. കാരണം ഒരാളെ പരിഗണിക്കുകയും മറ്റൊരാളെ അവഗണിക്കുകയും ചെയ്യുന്നതിന്റെ ഭാഗമാണ് അയാൾ ആ സ്ഥാനത്തല്ല ഇരിക്കേണ്ടത്, താനാണ് ആ സ്ഥാനത്ത ഇരിക്കേണ്ടതെന്ന ബോധം. ഈ ബോധത്തെയാണ് നബി ഇവിടെ തിരുത്തുന്നത്. ഇവിടെ മുതിർന്നവർ, ചെറിയവർ തുടങ്ങിയ ഒരു വ്യത്യാസവും ദൈവദൂതൻ കൽപിച്ചിട്ടില്ല. പ്രായം, വിവരം, കഴിവുകൾ എന്നീ പരിഗണനകൾക്കെല്ലാമപ്പുറത്ത് എല്ലാവരും പരസ്പരം ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യണമെന്ന പാഠമാണ് ഈ ഹദീസ് നൽകുന്നത്. ●